## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2095** — **19.06.2012-ൽ മറുപടിയ്ക്ക്**

### ആലപ്പുഴയിൽ വച്ച് നടത്തുന്ന ദേശീയ ഗെയിംസ് ഇനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ജി.സുധാകരൻ** | | **ശ്രീ.കെ.ബി.ഗണേഷ്കുമാർ (വനവും, സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)** | |
| (എ) | ആലപ്പുഴയിൽ വച്ച് നാഷണൽ ഗെയിംസിന്റെ ഏതെല്ലാം ഇനങ്ങളാണ് നടത്താൻ ഉദ്ദേശിച്ചിട്ടുള്ളത് ; | (എ) & (ബി) | ആലപ്പുഴ ജില്ലയിലെ പുന്നമടക്കായലിൽവച്ച് മത്സര ഇനങ്ങളായ കാനോയിംഗ്/കയാകിംഗ്, റോവിംഗ് എന്നിവയും പ്രദർശന ഇനമായ ബോട്ട് റേസും നടത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഈ ഇനങ്ങളുടെ നടത്തിപ്പിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നത് സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയാണ്. മത്സരത്തോടനുബന്ധിച്ച് ആവശ്യമായ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണ്. |
| (ബി) | ഈ ഇനങ്ങൾ വിജയകരമായി നടത്തുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് സ്പോർട്സ് വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ; | | |
| (സി) | ഇതിന്റെ ഭാഗമായി ആലപ്പുഴയിലെ സ്റ്റേഡിയങ്ങളും സ്വിമ്മിംഗ്പൂളുകളും പുനരുദ്ധരിക്കാൻ പദ്ധതിയുണ്ടോ ; വിശദാംശം നൽകുമോ ? | (സി) | സ്വിമ്മിംഗ് പൂളിന്റെ നവീകരണത്തിനായി 99438.70 രൂപ അനുവദിച്ചിട്ടുണ്ട്. നാഷണൽ ഗെയിംസുമായി ബന്ധപ്പെട്ട് മറ്റു പുനരുദ്ധാരണ പ്രവർത്തനങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ